# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ്-1370 അങ്കണവാടികളുടെ നവീകരണം 2016-17 –നവീകരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിൽ നിന്നും മാറ്റി തദ്ദേശ സ്വയംഭരണ വകുപ്പിന് മാറ്റി നൽകിയത് – അവശേഷിക്കുന്ന അങ്കണവാടികളുടെ നവീകരണത്തിന് അനുമതി നൽകി ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം: 1) സ ഉ (സാധാ) നം. 149/2017/സാനീവ തീയതി : 15-03-2017
2) സ ഉ (സാധാ) നം. 351/2019/സാനീവ തീയതി : 13-06-2019
3) സ ഉ (സാധാ) നം. 311/2020/സാനീവ തീയതി : 03-07-2020

**ഉത്തരവ് നമ്പർ ICDS/A9-32376/19 തീയതി: 11/09/2020**

2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തെ 1370 അങ്കണവാടി കെട്ടിടങ്ങൾ 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 60% വകുപ്പ് വിഹിതമായും 40% തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതമായും വിനിയോഗിച്ച് നവീകരിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പ് ചീഫ് ൻജിനീയർക്ക് നവീകരണ ചുമതല നൽകുകയും ചെയ്തിരുന്നു.

നിർമ്മാണ ഏജൻസി പൊതുമരാമത്ത് വകുപ്പാണ് എന്ന വസ്തുത മനസിലാക്കാതെ, നവീകരണാനുമതി നൽകിയ 1370 അങ്കണവാടികളിൽ 162 അങ്കണവാടികളുടെ നവീകരണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സ്വന്തം ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിക്കുകയും ചെയ്തതിനെ തുടർന്ന് വകുപ്പ് വിഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് LSGD CE മുഖാന്തിരം പരാമർശം (2) പ്രകാരം വിതരണം ചെയ്യുകയുണ്ടായി.

നവീകരണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള ചെറിയ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന് ഏറ്റെടുത്തു നടത്താൻ കഴിയുകയില്ലെന്നും ആയത് തദ്ദേശ സ്വയംഭരണ വകുപ്പിനെയോ മറ്റ് അക്രഡിറ്റഡ് ഏജൻസികളെയോ ഏൽപ്പിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് ൻജിനീയർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ നിർവഹണം പൊതുമരാമത്ത് വകുപ്പിൽ നിന്നും മാറ്റി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് നൽകികൊണ്ടും അവശേഷിക്കുന്ന അങ്കണവാടികളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് ഹാജരാക്കുന്ന മുറയ്ക്ക് നടപ്പ് സാമ്പത്തിക വർഷം 4235-02-102-87(പി) എന്ന ശീർഷകത്തിൽ

വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വകുപ്പ് വിഹിതം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകികൊണ്ടും പരാമർശം(3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നവീകരണം നടത്തിയിട്ടുള്ള 162 അങ്കണവാടികൾ ഒഴികെ ബാക്കിയുള്ള നവീകരണം അവശേഷിക്കുന്ന 1208 അങ്കണവാടികളുടെ നവീകരണ ചുമതല നിർവഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശിശു വികസന പദ്ധതി ഓഫീസർമാർ ICDS പ്രോജക്ടുകളിലെ നവീകരണം ആവശ്യമുള്ള അങ്കണവാടികൾ കണ്ടെത്തി LSGD AE മാർ മുഖാന്തിരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോഗ്രാം ഓഫീസർ മാരുടെ അനുമതിയോടെ നവീകരണ പ്രവൃത്തികൾ 31-12-2020 ന് മുൻപായി പൂർത്തീകരിക്കേണ്ടതാണ്. 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിട്ടുള്ള ഈ പ്രവൃത്തിയുടെ 40% തുക ബന്ധപ്പെട്ട LSGD കൾ വഹിക്കുമെന്ന് CDPO മാർ ഉറപ്പ് വരുത്തേണ്ടതാണ്.

ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം അനുബന്ധം I ൽ രേഖപ്പെടുത്തിയിട്ടുണ്ട് പ്രോഗ്രാം ഓഫീസർമാർ അവരവരുടെ ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണത്തിൽ നിജപ്പെടുത്തി നവീകരണത്തിന് അവശേഷിക്കുന്ന അങ്കണവാടികൾ നവീകരിക്കുന്നതിന് CDPO മാരിൽനിന്നും പ്രൊപ്പോസൽ ശേഖരിച്ച് അനുമതി നൽകേണ്ടതും ഓരോ ജില്ലയിലും നവീകരണാനുമതി നൽകിയവയുടെ വിവരം വനിതാ ശിശുവികസന ഡയറക്ടർക്ക സമർപ്പിക്കേണ്ടതുമാണ്. നവീകരണത്തിനായി ജില്ലാതലത്തിൽ അങ്കണവാടികൾ കണ്ടെത്തുമ്പോൾ CDPO/PO അനുബന്ധം II ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) എല്ലാ പ്രോഗ്രാം ഓഫീസർ മാർക്കും
2) എല്ലാ CDPO മാർക്കും.

ഒപ്പ്
വനിത ശിശുവികസന ഡയറക്ടർ

പകർപ്പ്.

1) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ
2) പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ
4) സ്റ്റോക് ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം
സൂപ്രണ്ട്

## അനുബന്ധം – I

| നം | ജില്ലയുടെ പേര് | അനുവദിച്ച അങ്കണവാടികളുടെ എണ്ണം. | പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് നവീകരണം പൂർത്തിയാക്കിയതും ഡിപ്പാർട്ട്മെൻറ് വിഹിതം അനുവദിച്ചതുമായ അങ്കണവാടികളുടെ എണ്ണം | നവീകരണത്തിന് അവശേഷിക്കുന്ന അങ്കണവാടികളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 109 | 19 | 90 |
| 2 | കൊല്ലം | 68 | 4 | 64 |
| 3 | പത്തനംതിട്ട | 66 | 0 | 66 |
| 4 | ആലപ്പുഴ | 109 | 15 | 94 |
| 5 | കോട്ടയം | 10 | 0 | 10 |
| 6 | ഇടുക്കി | 108 | 41 | 67 |
| 7 | എറണാകുളം | 197 | 44 | 153 |
| 8 | തൃശ്ശൂർ | 161 | 12 | 149 |
| 9 | പാലക്കാട് | 39 | 5 | 34 |
| 10 | മലപ്പുറം | 126 | 22 | 104 |
| 11 | കോഴിക്കോട് | 162 | 0 | 162 |
| 12 | വയനാട് | 74 | 0 | 74 |
| 13 | കാസർഗോഡ് | 102 | 0 | 102 |
| 14 | കണ്ണൂർ | 39 | 0 | 39 |
| | **ആകെ** | **1370** | **162** | **1208** |

## അനുബന്ധം – II

## പൊതു നിർദ്ദേശങ്ങൾ

1) ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണത്തിൽ നിജപ്പെടുത്തിവേണം അങ്കണവാടികൾ തെരെഞ്ഞെടുക്കേണ്ടത്.

2) LSGD കൾ നവീകരണം പൂർത്തുയാക്കിയ 162 അങ്കണവാടികളുടെ എണ്ണം ഒഴിവാക്കി ബാക്കി കണ്ടെത്തിയാൽ മതിയാകും (നവീകരണം പൂർത്തീയാക്കയവയുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു).

3) LSGDകൾ PWDയിൽ തുക ഡെപ്പോസിറ്റ് ചെയ്ത് നവീകരണം പൂർത്തിയാക്കിയ അങ്കണവാടികൾ ഉണ്ടെങ്കിൽ ഇവയുടെ എണ്ണവും ജില്ലയിലെ അനുവദനീയമായ എണ്ണത്തിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

4) നാളിതുവരെ PWD നവീകരണം ആരംഭിക്കാത്ത അങ്കണവാടികൾക്ക് മുൻഗണന നൽകേണ്ടതാണ്. ഇത്തരം അങ്കണവാടികൾക്ക് നവീകരണം ആവശ്യമില്ലാത്ത പക്ഷം മറ്റ് അങ്കണവാടികളെ പരിഗണിക്കാവുന്നതാണ്. ഇത്തരത്തിൽ പുതുതായി അങ്കണവാടികളെ ഉൾപ്പെടുത്തുന്ന പക്ഷം ആയതിന്റെ വിശദാംശങ്ങൾ പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) ശിശു വികസന പദ്ധതി ഓഫീസർമാർ നവീകരണം ആവശ്യമുള്ള അങ്കണവാടികൾ കണ്ടെത്തി, പ്രോഗ്രാം ഓഫീസർമാരുടെ അനുമതിയോടെ നവീകരണത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) നവീകരണാനുമതി ലഭിക്കുന്ന അങ്കണവാടികളുടെ നവീകരണം 31-03-2020നകം നിർബന്ധമായും പൂത്തീകരിക്കേണ്ടതും ശിശു വികസന പദ്ധതി ഓഫീസർ/ പ്രോഗ്രാംഓഫീസർമാർ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതു മാണ്.

7) സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികളെ മാത്രമേ നവീകരണത്തിനായി തെരെഞ്ഞെടുക്കാവൂ.

8) നവീകരണം പൂർത്തിയാക്കിയ ശേഷം നവീകരണ പൂർത്തീകരണ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട A E യിൽ നിന്നും ശേഖരിച്ച് ജില്ലയിലെ മുഴുവൻ പൂർത്തീകരണ സർട്ടിഫിക്കറ്റുകളും പി ഒ മാർ വനിതാ ശിശു വികസന ഡയറക്ടർക്ക സമർപ്പിക്കേണ്ടതാണ്.

9) നവീകരണം പൂർത്തിയാക്കിയശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് തുകയുടെ 60% തുക LSGD CEൽ നിന്നും ശേഖരിക്കേണ്ടതാണ്.

10) നവീകരണത്തിനായി ഓരോ ജില്ലയ്ക്കും നടപ്പ് വർഷം നൽകിയിട്ടുള്ള ടാർജറ്റ് ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നു എന്ന് പ്രോഗ്രാംഓഫീസർമാരും ശിശു വികസന പദ്ധതി ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്.